ഹയർ സെക്കൻഡറി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എസിഡി എസ്.പി.സി(2)/116093/18/എച്ച്.എസ്.ഇ** **തീയതി : 04/12/2018**

## സർക്കുലർ

**വിഷയം**:- ഹ.സെ.വി.- EAP 2018-19 – Higher Secondary School Teacher Transformation Programme (HSSTTP 2018)- രണ്ടാംഘട്ട കോഴ്സ് - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 10/10/2018 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

ഹയർ സെക്കൻഡറി അദ്ധ്യാപക പരിവർത്തനോന്മുഖ പരിപാടിയുടെ (HSSTTP 2018) പത്തുദിവസ റസിഡൻഷ്യൽ പ്രോഗ്രാമിന്റെ രണ്ടാം ബാച്ചിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. 2019 ജനുവരി 25 മുതൽ ഫെബ്രുവരി 3 വരെയാണ് കോഴ്സ് നടക്കുന്നത്. മലയാളം, ഇംഗ്ലീഷ്, ഗണിതം, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽസയൻസ്, കൊമേഴ്സ് എന്നീ വിഷയങ്ങളിലേക്കുള്ള കോഴ്സിന് അപേക്ഷിക്കാനുള്ള അവസാന തീയതി **20/12/2018 വ്യാഴാഴ്ച വൈകിട്ട് 5 മണി വരെ**യാണ്.

ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട ഭാഗത്ത് 150 x 100mb jpg ഫോർമാറ്റിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ കൂടി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

അപേക്ഷകർ www.hscap.kerala.gov.in എന്ന വെബ്സൈറ്റിന്റെ ഹോംപേജിലെ **HSSTTP** എന്ന ടാബിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ അപേക്ഷകൾ പ്രിൻസിപ്പാളിനു സമർപ്പിക്കേണ്ടതും പ്രിൻസിപ്പാൾ 2018 ഡിസംബർ 20 വ്യാഴാഴ്ച വൈകിട്ട് 5 മണിക്കു മുമ്പായി ഡയറക്ടറേറ്റിലേക്ക് ഫോർവേഡ് ചെയ്യേണ്ടതുമാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**